**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5181** **02-11-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ വിവിധ എഞ്ചിനീയറിങ് കോളേജുകളിലെ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 2020-21 അധ്യയന വർഷം എത്ര സീറ്റുകൾ പ്രവേശനമില്ലാതെ ഒഴിഞ്ഞുകിടന്നുവെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 2020-21 അധ്യയന വർഷം പാർട്ട് ടൈം/ഫുൾ ടൈം വിഭാഗങ്ങളിൽ 21397 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. |
| (ബി) | 1998 ന് ശേഷം ഇതുവരെ എത്ര പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ വന്നുവെന്ന് അറിയിക്കാമോ; | (ബി) | 1998ന് ശേഷം 87 എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ വന്നു. |
| (സി) | പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | പുതിയ എഞ്ചിനീയറിങ് കോളേജുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനായി അത്തരം കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുൻപായി എ.ഐ.സി.റ്റി.ഇ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സർവകലാശാലയുടെ അഫിലിയേഷൻ കമ്മിറ്റി സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് വിശദമായ പരിശോധനകൾ നടത്തുകയും ചെയ്ത് ഗുണനിലവാരം ഉറപ്പു വരുത്തിയാണ് അഫിലിയേഷൻ നൽകുന്നത്. അക്കാദമിക് ആഡിറ്റ് ഉൾപ്പെടെയുള്ള തുടർ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ